**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2561** **06-10-2025 - ൽ മറുപടിയ്ക്ക്**

**നഗരസഭകൾക്കുള്ള പദ്ധതി വിഹിതം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ നഗരസഭകൾക്ക് പദ്ധതി വിഹിതമായി തുക അനുവദിക്കുന്നതിന് സ്വീകരിച്ചു വരുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ<br>ശിപാർശയിന്മേൽ സർക്കാർ കൈക്കൊണ<br>തീരുമാന പ്രകാരം നഗരസഭകൾക്ക് കേന്ദ്ര<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെയുള്ള<br>വികസനഫണ്ടിന്റെ പൊതുവിഭാഗം ഫണ<br>വിഭജിക്കുന്നത് 2011 സെൻസസ് പ്രകാര<br>പട്ടിക ജാതി/ പട്ടികവർഗ്ഗ ഇതര ജനസംഖ്യ<br>വിസ്തീർണ്ണം, പാരിസ്ഥിതിക ദൗർബല്യം<br>ഇല്ലായ്മയുടെ തോത്, വരുമാന<br>സമാഹരണത്തിനുള്ള പ്രോത്സാഹനം എന്ന<br>മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. |
| (ബി) | ജനസംഖ്യ കൂടുതലുള്ള നഗരസഭകൾക്ക് കൂടുതൽ തുക അനുവദിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | പട്ടിക ജാതി/ പട്ടികവർഗ്ഗ ഇതര ജനസംഖ്യ ഒരു മാനദണ്ഡമായതിനാൽ ജനസംഖ്യ കൂടുതലുള്ള നഗരസഭകൾക്ക് കൂടുതൽ തുക ലഭിക്കുന്നതാണ്. |
| (സി) | പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാത്ത നഗരസഭകളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്താറുണ്ടോ; എത്ര ശതമാനം വീതമാണ് വെട്ടിക്കുറയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | പദ്ധതി തുക പൂർണ്ണമായും ചെലവഴിക്കാത്ത നഗരസഭകളുടെ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ വെട്ടിക്കുറവ് വരുത്താറില്ല. മറിച്ച് വരുമാന സമാഹരണത്തിനുള്ള പ്രോത്സാഹനമെന്ന നിലയിൽ നഗരസഭകൾക്ക് അവരുടെ തനത് വരുമാനത്തിൽ മുൻവർഷത്തേതിനേക്കാൾ വർദ്ധനവുണ്ടെങ്കിൽ വർദ്ധനവിനനുസരിച്ചുള്ള തുക അധികമായി ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ